# സൂറ – 27 / അന്നംല്

## സൂക്തം: 62 – 64

സൃഷ്ടിയും പുനഃസൃഷ്ടിയും പരാമർശിച്ചതോടൊപ്പം മണ്ണിൽ നിന്നും വിണ്ണിൽനിന്നുമുള്ള വിഭവദാനം പരാമർശിച്ചതിൽ ഒരു ധ്വനിയുണ്ട്. സൃഷ്ടിക്കുന്നവൻ തന്നെയാണ് സൃഷ്ടികൾക്കാവശ്യമായ വിഭവങ്ങൾ ഒരുക്കുന്നതെന്നതാണത്. മണ്ണിൽനിന്നും വിണ്ണിൽനിന്നും വെവ്വേറെ വിഭവങ്ങൾ നൽകുകയല്ല. വിഭവസജ്ജീകരണത്തിൽ മണ്ണിനെയും വിണ്ണിനെയും പരസ്പരം പാകപ്പെടുത്തുകയാണ്.



أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ
خُلَفَاءَ الْأَرْضِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ﴿٦٢﴾

62. നിസ്സഹായനായ പീഡിതന്റെ പ്രാർഥന കേൾക്കുന്നതും പീഡയകറ്റുന്നതും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുന്നതും ആരാകുന്നു? ഇതൊക്കെ ചെയ്യാൻ അല്ലാഹുവിനോടൊപ്പം വേറെ ദൈവമുണ്ടോ? എത്ര കുറച്ചേ നിങ്ങൾ ചിന്തിക്കുന്നുള്ളൂ!

**62**

أَمَّن يُجِيبُ = ഉത്തരം നൽകുന്നവൻ (കേൾക്കുന്നതും)

الْمُضْطَرَّ = നിർബന്ധിതന് (നിസ്സഹായനായ പീഡിതന്റെ) إِذَا دَعَاهُ = അവൻ അവനോട് പ്രാർഥിച്ചാൽ (പ്രാർഥന)

وَيَكْشِفُ السُّوءَ = തിന്മയെ തുറവടിയാക്കുന്നവനും (പീഡയകറ്റുന്നതും) وَيَجْعَلُكُمْ = നിങ്ങളെ ആക്കുന്ന(തും)വനും

خُلَفَاءَ الْأَرْضِ = ഭൂമിയുടെ (യിൽ) പ്രതിനിധികൾ, പിൻഗാമികൾ ആക്കുന്ന(തും)വനും ആരാകുന്നു

أَإِلَٰهٌ مَّعَ اللَّهِ = (അതൊക്കെ ചെയ്യാൻ) അല്ലാഹുവിനോടൊപ്പം (വേറെ) ദൈവമുണ്ടോ

قَلِيلًا مَّا تَذَكَّرُونَ = നിങ്ങൾ എത്ര കുറച്ചേ ചിന്തിക്കുന്നുള്ളൂ

ഇജാബത്തിൽനിന്നുള്ള വർത്തമാനകാല ക്രിയയാണ് يُجِيبُ. ഉദ്ദിഷ്ട കാര്യം സാധിച്ചുകൊടുക്കുകയാണ ഇജാബത്ത്. اضطرّ -യുടെ മൂലം ضرورة ആണ്. അനിവാര്യതയാണ് ضرورة. ഭക്ഷണം, വസ്ത്രം, പാർപ്പിടം പോലുള്ള അവശ്യ ജീവിതോപാധികളെ ضروريات എന്നു പറയും. അത്യാവശ്യ കാര്യങ്ങൾ നിവർത്തിക്കാനാകാതെ ഗതിമുട്ടുന്നത് اضطرار ആകുന്നു. അത്തരം അവസ്ഥ നേരിടുന്നവൻ مُضْطَرّ. വിശപ്പ് സഹിക്കാനാവാതെ നിഷിദ്ധ പദാർഥങ്ങൾ തിന്നാൻ നിർബന്ധിതനാകുന്നത് مُضْطَرّ ആകുന്നതിനുദാഹരണമാണ്. അത്യാവശ്യ കാര്യങ്ങൾക്ക് ഗതിയില്ലാത്ത നിസ്സഹായനാണ് ഇവിടെ مضطرّ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. يَكْشِفُ-ന്റെ വാക്കർഥം വെളിവാക്കുന്നു എന്നാണ്. كَشَفَ ആണ് ഇതിന്റെ മൂലം. ദുരിതത്തിൽനിന്ന് മോചിപ്പിക്കുക, ആപത്തകറ്റുക എന്ന അർഥത്തിലുള്ള പ്രയോഗമാണ് كَشَفَ السُّوء. പിൻഗാമികൾക്കും പ്രതിനിധികൾക്കും خُلَفَاءَ എന്നു പറയും. രണ്ടർഥവും ഈ സന്ദർഭത്തിൽ സാധുവാകും. ആദ്യത്തേതുപ്രകാരം, നിങ്ങളുടെ പൂർവികർക്കു ശേഷം അവരുടെ പിൻഗാമികളായി അവൻ നിങ്ങളെ ഭൂമിയിൽ സൃഷ്ടിച്ചു എന്നാണാശയം. രണ്ടാമത്തേതു പ്രകാരം അവൻ നിങ്ങളെ ഭൂമിയിൽ അവന്റെ പ്രതിനിധികളാക്കി എന്നും.

സൂക്തസാരമിതാണ്: ഇനിയും പറയൂ, ഭൗതികോപാധികളെല്ലാം കൈവിട്ടുപോയ നിസ്സഹായാവസ്ഥയിൽ നിങ്ങൾ പ്രാർഥിക്കുന്നതാരോടാണ്? ആ പ്രാർഥന കേട്ട് ആപത്തുകളിൽനിന്ന് നിങ്ങൾക്ക് മോചനമരുളുന്നതും ആരാണ്? ശിലാ വിഗ്രഹങ്ങളാണോ, സൂര്യചന്ദ്രന്മാരാണോ, ജിന്നുകളോ ഭൂതങ്ങളോ ആണോ? ആപത്തുകളുണ്ടാകുമ്പോൾ ആദ്യം ബഹുദൈവ വിശ്വാസികൾ അവരവരുടെ ഇഷ്ടദേവതകളെ പ്രാർഥിക്കുമെങ്കിലും ഒടുവിൽ അവരെയെല്ലാം മറന്ന് ഏകനായ പരമേശ്വരനിലേക്ക് തിരിയുന്ന

തിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. പ്രാർഥിച്ചയുടനെ അവൻ ഉദ്ദിഷ്ട കാര്യം സഫലമാക്കുന്നു എന്ന അർഥത്തിലല്ല പ്രാർഥിച്ചാൽ ഉത്തരം നൽകുകയും ആപത്തകലുകയും ചെയ്യുന്നു എന്നു പറഞ്ഞത്. ഉത്തരം അർഹിക്കുന്നവർക്കേ ഉത്തരം ചെയ്യൂ. അർഹിക്കുന്നവരേ ആപത്മുക്തരാകൂ. അർഹിക്കുന്നവർക്കും ഉടനെ ഉത്തരം ലഭിച്ചുകൊള്ളണമെന്നില്ല. ചിലപ്പോൾ ഉടനെ ലഭിക്കും. ചിലപ്പോൾ വർഷങ്ങൾ കഴിഞ്ഞാവാം. ചിലപ്പോൾ മരണാനന്തരവുമാകാം. അതെല്ലാം അവന്റെ യുക്തിയും നൈതിക നിയമവുമനുസരിച്ചിരിക്കും. അർഹിക്കുന്നവർക്ക് അർഹിക്കുന്ന സമയത്ത് ഉത്തരം ലഭിക്കുമെന്നത് അനിഷേധ്യമാകുന്നു.

പൂർവ തലമുറയുടെ പിൻതലമുറയായി, അല്ലെങ്കിൽ നശിച്ചുപോയ സമുദായത്തിനു ശേഷം പുതിയൊരു സമുദായമായി നിങ്ങളെ ഉയർത്തിക്കൊണ്ടു വന്നത് ആരാണ്? നിങ്ങളുടെ കൽപിത ദൈവങ്ങളിലാരെങ്കിലുമാണോ? അല്ലെങ്കിൽ ഭൗമ വിഭവങ്ങൾ യഥേഷ്ടം കൈകാര്യം ചെയ്ത് ഭൂമിയെ സംസ്കരിക്കാനും അങ്ങനെ സ്വന്തം ജീവിതം വികസിപ്പിക്കാനും കഴിവു നൽകിക്കൊണ്ട് ഭൂമിയിൽ നിങ്ങളെ അവന്റെ പ്രതിനിധികളാക്കി സൃഷ്ടിച്ചയച്ചത് ഈ വിഗ്രഹങ്ങളോ, അവ പ്രതിനിധാനം ചെയ്യുന്നതായി കരുതപ്പെടുന്ന ദേവീ ദൈവന്മാരോ ആണോ? അല്ല, അതൊക്കെ സാക്ഷാൽ ദൈവം - അല്ലാഹു മാത്രമാണെന്ന് നിങ്ങളുടെ മനസ്സാക്ഷി നിങ്ങളോട് പറയുന്നുണ്ട്. പക്ഷേ അതൊന്നും നിങ്ങൾ കേൾക്കുന്നില്ല, ഓർക്കാനാഗ്രഹിക്കുന്നുമില്ല. ■

---

أَمَّن يَهْدِيكُمْ فِي ظُلُمَاتِ الْبَرِّ وَالْبَحْرِ وَمَن يُرْسِلُ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ تَعَالَى اللَّهُ عَمَّا يُشْرِكُونَ ﴿٦٣﴾

63. കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്കു വഴികാണിക്കുന്നതാരാകുന്നു? തന്റെ പക്കൽനിന്നുള്ള അനുഗ്രഹത്തിന്റെ സുവിശേഷമായി കാറ്റുകളെ അയക്കുന്നതും ആരാകുന്നു? ഇതിൽ അല്ലാഹുവിനോടൊപ്പം മറ്റേതെങ്കിലും ദൈവത്തിന് പങ്കുണ്ടോ? ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനും അത്യുന്നതനുമത്രെ അല്ലാഹു.

**63**

أَمَّن يَهْدِيكُمْ = നിങ്ങൾക്കു വഴികാണിക്കുന്ന(ത്)വൻ ആരാകുന്നു

فِي ظُلُمَاتِ الْبَرِّ وَالْبَحْرِ = കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ

وَمَن يُرْسِلُ الرِّيَاحَ = കാറ്റുകളെ അയക്കുന്ന(തും)വനും ആരാകുന്നു بُشْرًا = സുവിശേഷമായിട്ട്

بَيْنَ يَدَيْ رَحْمَتِهِ = അവന്റെ പക്കൽ(നിന്നു)ള്ള അനുഗ്രഹത്തിന്റെ

أَإِلَٰهٌ مَّعَ اللَّهِ = (അതിൽ) അല്ലാഹുവിനോടൊപ്പം (മറ്റേതെങ്കിലും) ദൈവം(ത്തിന് പങ്ക്) ഉണ്ടോ?

تَعَالَى اللَّهُ = അല്ലാഹു അത്യുന്നതനും അതീതനുമത്രെ

عَمَّا يُشْرِكُونَ = അവർ (ജനം) പങ്കുചേർക്കുന്നതിന് (ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം)

ഇനിയും പറയൂ, കരയിലും കടലിലുമുണ്ടാകുന്ന അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴികാണിച്ചുതരുന്നതും, തന്റെ പക്കൽനിന്നുള്ള അനുഗ്രഹമാകുന്ന തെളിനീർ വർഷത്തിന്റെ സുവിശേഷമായി കാറ്റിനെ ചലിപ്പിക്കുന്നതും ആരാകുന്നു? അവനാണോ ആരാധിക്കപ്പെടാനും നന്ദി പ്രകടിപ്പിക്കപ്പെടാനും അർഹൻ, അതോ അതിലൊന്നും യാതൊരു സ്വാധീനവുമില്ലാത്ത കൃത്രിമ ദൈവങ്ങളോ? കടലിലും കരയിലും വഴികാണിക്കുന്നതിനെക്കുറിച്ച് ഖുർആൻ പലയിടത്തും പറയുന്നുണ്ട്. വഴിയറിയാൻ ചെയ്തുവെച്ച സംവിധാനത്തെക്കുറിച്ച് 16:16-ൽ പറയുന്നു: وَعَلَامَاتٍ ۚ وَبِالنَّجْمِ هُمْ يَهْتَدُونَ (അവൻ ഭൂമിയിൽ അടയാളങ്ങൾ സ്ഥാപിച്ചു. നക്ഷത്രങ്ങളിലൂടെയും അവർ വഴിയറിയുന്നു). ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും എട്ടു ദിക്കിലും വ്യത്യസ്തമായ അടയാളങ്ങൾ കാണാം. പകൽവേളയിൽ സൂര്യന്റെ അയനവും ഒരു മാർഗരേഖയാണ്. രാത്രിയിൽ നക്ഷത്രങ്ങളും ചന്ദ്രനും അവയുടെ സ്ഥാനത്തിലൂടെയും ചലനത്തിലൂടെയും മനുഷ്യക്ക് വഴികാണിക്കുന്നു. ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് അപാരമായ കാരുണ്യസാഗരമാണെന്നും കരയിലും കടലിലും ഇരുട്ടിലും വെളിച്ചത്തിലും ഭൂമിയിലും ആകാശത്തുമെല്ലാം വിളങ്ങുന്നത് ഒരേയൊരു വിധാതാവിന്റെ അധികാരവും ആസൂത്രണവുമാണെന്നും വിളിച്ചോതുന്ന പ്രതിഭാസങ്ങളാണിതൊക്കെയും. കാറ്റടിക്കുന്നതിൽ ആളുകൾ മഴയുടെ ആഗമനത്തിന്റെ ശുഭലക്ഷണം കാണുന്നു. കാറ്റ് മഴ കൊണ്ടുവരുന്നുവെന്ന് കരുതുന്നു. എന്നാൽ കാറ്റിനെ അയക്കുന്നതും അതിനു പിന്നാലെ മഴ അയക്കുന്നതും അല്ലാഹുവാണ്. കാറ്റിന് ഒരു ദേവനും മഴക്ക് മറ്റൊരു ദേവനുമില്ല. ആകാശത്തിന്റെയും ഭൂമിയുടെയും ദൈവം ഒന്നായതുപോലെ എല്ലാറ്റിന്റെയും ദൈവം ഒന്നായിരിക്കുമ്പോഴേ ആകാശത്തുനിന്നുള്ള മഴ ഭൂമിയിൽ ആവശ്യമുള്ളിടങ്ങളിൽ ആവശ്യമുള്ള സമയത്ത് ആവശ്യമുള്ള അളവിൽ പെയ്തിറങ്ങൂ. പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പാരസ്പര്യവും താളക്രമവും നിരീക്ഷിക്കുന്ന ആർക്കും അവ വ്യത്യസ്ത വിധാതാക്കളുടെ കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് പറയാൻ കഴിയില്ല. കാറ്റിനും മഴക്കും മാനത്തിനും ഭൂമിക്കുമെല്ലാം വെവ്വേറെ ദൈവങ്ങളുണ്ടെന്ന് കരുതുന്നവർ തന്നെ ആ ദൈവങ്ങളെല്ലാം ഏകനായ പരമേശ്വരന്റെ കീഴിലാണെന്നും പറയുന്നു. പരമേശ്വരൻ യഥാർഥത്തിൽ പരമേ

ശ്വരനാണെങ്കിൽ ഡെപ്യൂട്ടി ദൈവങ്ങളുടെയോ അസിസ്റ്റന്റ് ദൈവങ്ങളുടെയോ സഹായം ഏതുമേ ആവശ്യമില്ല. അത്തരം സഹായങ്ങൾക്കും പങ്കാളിത്തങ്ങൾക്കും തികച്ചും അതീതനായ പരമ പരിശുദ്ധനാണവൻ- تَعَالَى اللَّهُ عَمَّا يُشْرِكُونَ. ■

---

أَمَّن يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَمَن يَرْزُقُكُم مِّنَ السَّمَاءِ وَالْأَرْضِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ قُلْ هَاتُوا بُرْهَانَكُمْ إِن كُنتُمْ صَادِقِينَ ﴿٦٤﴾

64. സൃഷ്ടി തുടങ്ങുന്നതും പിന്നീട് അത് ആവർത്തിക്കുന്നതും ആരാകുന്നു? വിണ്ണിൽനിന്നും മണ്ണിൽനിന്നും നിങ്ങൾക്കു വിഭവമരുളുന്നതും ആരാകുന്നു? അല്ലാഹുവിന്റെ കൂടെ മറ്റേതെങ്കിലും ദൈവം ഇതൊക്കെ ചെയ്യുന്നുണ്ടോ? അവരോട് പറയുക: നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ തെളിവു കൊണ്ടുവരിക.

**64**

أَمَّن يَبْدَأُ الْخَلْقَ = സൃഷ്ടി തുടങ്ങുന്നവൻ(ത്) ആരാകുന്നു

ثُمَّ يُعِيدُهُ = പിന്നെ അതിനെ മടക്കുന്നവനും (അത് ആവർത്തിക്കുന്നതും)

وَمَن يَرْزُقُكُم = നിങ്ങൾക്ക് ആഹാരം നൽകുന്നവനും(വിഭവങ്ങളരുളുന്നതും) ആരാകുന്നു

مِّنَ السَّمَاءِ وَالْأَرْضِ = ആകാശത്തുനിന്നും ഭൂമിയിൽനിന്നും (മണ്ണിൽനിന്നും വിണ്ണിൽനിന്നും)

أَإِلَٰهٌ مَّعَ اللَّهِ = അല്ലാഹുവിന്റെ കൂടെ (മറ്റേതെങ്കിലും) ദൈവം ഉ(ഇതൊക്കെ ചെയ്യുന്നു)ണ്ടോ

قُلْ = നീ അവരോടു പറയുക هَاتُوا بُرْهَانَكُمْ = നിങ്ങളുടെ തെളിവു കൊണ്ടുവരുവിൻ

إِن كُنتُمْ صَادِقِينَ = നിങ്ങൾ (പറയുന്നത് സത്യമാണെങ്കിൽ) സത്യവാന്മാരാണെങ്കിൽ

പറയുക, വസ്തുക്കളെ സൃഷ്ടിക്കുന്നവനും സൃഷ്ടിനശിച്ചതിൽ പിന്നെ അതിനെ പുനഃസൃഷ്ടിക്കുന്നവനും നിങ്ങൾക്കു മാനത്തുനിന്ന് വിഭവങ്ങൾ ചൊരിഞ്ഞുതരുന്നവനും ആരാണ്? അതിലൊക്കെ നിങ്ങളുടെ ബഹുദൈവങ്ങൾക്കു വല്ല പങ്കുമുണ്ടോ? ചിലപ്പോൾ നിങ്ങൾ പറയും; ഞങ്ങളുടെ ഇന്ന ദേവന്റെ അനുഗ്രഹം കൊണ്ട് നല്ല വിള കിട്ടി, ഇന്ന ദേവൻ ഞങ്ങളുടെ വൃക്ഷങ്ങൾ ഫലസമൃദ്ധമാക്കി, ഇന്ന ദേവൻ ഞങ്ങളുടെ കാലിസമ്പത്ത് വർധിപ്പിച്ചു എന്നൊക്കെ. അങ്ങനെയെങ്കിൽ എന്താണതിനുള്ള തെളിവും ന്യായവും? ന്യായത്തിനും തെളിവിനും പ്രമാണത്തിനും برهان എന്നു പറയും. ഈ സന്ദർഭത്തിൽ മൂന്നു കാര്യവും പ്രസക്തമാകുന്നു. സൃഷ്ടിയിലും പുനഃസൃഷ്ടിയിലും വിഭവദാനത്തിലും അല്ലാഹുവല്ലാത്ത മറ്റേതെങ്കിലും ദൈവത്തിന് പങ്കുണ്ടെന്ന് സ്ഥാപിക്കുന്ന ബുദ്ധിപരമായ ഒരു ന്യായവുമില്ല. ഭൗതികവും ഗോചരവുമായ തെളിവുമില്ല. പിന്നെയുള്ളത് വേദപ്രമാണങ്ങളും പ്രവാചകന്മാരുടെ അധ്യാപനങ്ങളുമാണ്. ബഹുദൈവ വിശ്വാസം അനുശാസിക്കുന്ന ഒരു വേദവുമില്ല. സത്യപ്രവാചകന്മാരിലാരും ബഹുദൈവത്വം പ്രബോധനം ചെയ്തിട്ടുമില്ല. പിന്നെ എന്തടിസ്ഥാനത്തിലാണ് നിങ്ങൾ ദൈവാനുഗ്രഹങ്ങളുടെ കർതൃത്വം ദൈവേതരന്മാർക്ക് ചാർത്തിക്കൊടുക്കുന്നത്? അറബികൾ പൊതുവിൽ മനുഷ്യന്റെ പുനർജന്മത്തിലോ പരലോക ജീവിതത്തിലോ വിശ്വസിച്ചിരുന്നില്ല. എങ്കിലും അറേബ്യയിലുണ്ടായിരുന്ന വേദവിശ്വാസികളും മറ്റും പരലോകത്തിൽ വിശ്വസിച്ചിരുന്നു. സൃഷ്ടി തുടങ്ങുകയും പിന്നെ അതിനെ പുനഃസൃഷ്ടിക്കുകയും - يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ എന്നത് മനുഷ്യന്റെ സൃഷ്ടിയെയും പരലോകത്തെ പുനഃസൃഷ്ടിയെയും മാത്രം ഉദ്ദേശിച്ചു പറയുന്നതല്ല. ഭൂമിയിലെ എല്ലാ ജൈവ വസ്തുക്കളും ഭൂമിയിൽ തന്നെ പുനഃസൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഒരു വിത്തു മുളച്ചു വളർന്നാൽ അതിൽ പുതിയ വിത്തുകളുണ്ടാകുന്നു. ആ വിത്തിൽനിന്ന് വീണ്ടും ചെടികളുണ്ടാകുന്നു. ഒരു ജീവി ജനിച്ചു ജീവിച്ചു മരിക്കുമ്പോൾ ആ ജീവിയുടെ മക്കളും പേരമക്കളുമായി വീണ്ടും വീണ്ടും ആ ജീവി സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 7:57 സൂക്തം സസ്യ ജീവിതത്തിന്റെ ഈ ചക്രത്തെ പരലോകത്തെ പുനരുത്ഥാനത്തിനു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്: أَنزَلْنَا بِهِ الْمَاءَ فَأَخْرَجْنَا بِهِ مِن كُلِّ الثَّمَرَاتِ كَذَٰلِكَ نُخْرِجُ الْمَوْتَىٰ (മേഘങ്ങൾ കൊണ്ട് നാം മഴയിറക്കി, എന്നിട്ടതുകൊണ്ട് സകലയിനം ഫലങ്ങളും ഉൽപാദിപ്പിച്ചു. ഈവിധം തന്നെയാകുന്നു നാം മരിച്ചവരെ പുനരുജ്ജീവിപ്പിക്കുന്നത്). 50:11 ൽ പറയുന്നു: وَأَحْيَيْنَا بِهِ بَلْدَةً مَّيْتًا كَذَٰلِكَ الْخُرُوجُ (മൃതമായിക്കിടന്ന ഭൂമിക്ക് നാം ജലത്താൽ ജീവനരുളി. ഇതേപ്രകാരം തന്നെയാകുന്നു പരലോകത്തെ ഉയിർത്തെഴുന്നേൽപും). സസ്യങ്ങളുടെയും ജന്തുക്കളുടെയും ഈ സൃഷ്ടിയും പുനഃസൃഷ്ടിയും അറബികൾക്കും സുപരിചിതമായിരുന്നുവല്ലോ.

സൃഷ്ടിയും പുനഃസൃഷ്ടിയും പരാമർശിച്ചതോടൊപ്പം മണ്ണിൽനിന്നും വിണ്ണിൽനിന്നുമുള്ള വിഭവദാനം പരാമർശിച്ചതിൽ ഒരു ധ്വനിയുണ്ട്. സൃഷ്ടിക്കുന്നവൻ തന്നെയാണ് സൃഷ്ടികൾക്കാവശ്യമായ വിഭവങ്ങൾ ഒരുക്കുന്നതെന്നതാണത്. മണ്ണിൽനിന്നും വിണ്ണിൽനിന്നും വെവ്വേറെ വിഭവങ്ങൾ നൽകുകയല്ല. വിഭവസജ്ജീകരണത്തിൽ മണ്ണിനെയും വിണ്ണിനെയും പരസ്പരം പാകപ്പെടുത്തുകയാണ്. മഴയില്ലെങ്കിൽ ഭൂമിയിൽ ഒരു വിഭവവും വിളയിക്കാനാവില്ല. മണ്ണില്ലെങ്കിൽ മഴകൊണ്ട് ഫലമൂലാദികളോ ധാന്യങ്ങളോ കൃഷി ചെയ്യാനാവില്ല. ■